# പുരുഷാർത്ഥത്തിന്റെ തീവ്രഗതി കുറയുന്നതിന്റെ രണ്ടു മുഖ്യമായ കാരണം

ഇന്ന് ബ്രാഹ്മണരുടെ അനാദി രചയിതാവായ ബാപ്ദാദ വിശേഷിച്ച് തന്റെ ഡയറക്ട് സമീപത്തുള്ള രചന, ശ്രേഷ്ഠമായ രചന- ബ്രാഹ്മണ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ബാപ്ദാദായുടെ വളരെ പ്രിയപ്പെട്ട രചനകളായ ബ്രാഹ്മണാത്മാക്കൾ സമീപവും സമാനവുമാകുന്നതിന്റെ ലക്ഷ്യത്തെ സദാ സ്മൃതിയിൽ വച്ച് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. അതിനാൽ ഇന്ന് അങ്ങനെയുള്ള രചനയെ വിശേഷ രൂപത്തിലൂടെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സർവ്വ തീവ്ര പുരുഷാർത്ഥികളുടെയും, പുരുഷാർത്ഥികളുടേയും ഗതി വിധിയെ കണ്ട് കൊണ്ടിരിക്കുകയായിരുന്നു. ബാപ്ദാദായിലൂടെ ലഭിച്ചിട്ടുള്ള ശ്രേഷ്ഠമായ സഹജ വിധിയിലൂടെ ഇടയ്ക്ക് തീവ്രമായ ഗതി അഥവാ ഇടയ്ക്ക് തീവ്രമല്ലാത്തത്- രണ്ട് പ്രകാരത്തിലുമുള്ള ബ്രാഹ്മണ കുട്ടികളെ കണ്ടു പഠിപ്പ്, പാലന, പ്രാപ്തി- സർവ്വർക്കും ഒരേപോലെ ഒന്നിലൂടെ ലഭിച്ചു കൊണ്ടിരിക്കുന്നു, പിന്നെ ഗതിയിൽ എങ്ങനെ വ്യത്യാസം ഉണ്ടാകുന്നു? തീവ്ര പുരുഷാർത്ഥി അർത്ഥം ഫസ്റ്റ് ഡിവിഷനിലുള്ളവർ, പുരുഷാർത്ഥി അർത്ഥം സെക്കന്റ് ഡിവിഷനിൽ പാസാകുന്നവർ. ഇന്ന് വിശേഷിച്ച് സർവ്വരുടെയും ചാർട്ട് ബാബ ചെക്ക് ചെയ്തു. കാരണങ്ങൾ വളരെയധികമുണ്ട്, എന്നാൽ വിശേഷിച്ചും രണ്ട് കാരണങ്ങളാണ്. എല്ലാവരുടെയും ആഗ്രഹം ഫസ്റ്റ് ഡിവിഷനിൽ വരണമെന്നാണ്, സെക്കന്റ് ഡിവിഷനിൽ വരാൻ ആരും ആഗ്രഹിക്കുന്നില്ല. എന്നാൽ ലക്ഷ്യവും ലക്ഷണവും- രണ്ടിലും വ്യത്യാസം ഉണ്ടാകുന്നു. വിശേഷിച്ചും രണ്ട് കാരണം എന്താണ് കണ്ടത്?

ഒന്ന്- ഏറ്റവും ശ്രേഷ്ഠ ശക്തിയായ സങ്കല്പ ശക്തിയെ യഥാർത്ഥമായ രീതിയിൽ സ്വയത്തെ പ്രതി അഥവാ സേവനത്തെ പ്രതി സമയത്തിനനുസരിച്ച് കാര്യത്തിൽ ഉപയോഗിക്കുന്നതിനുള്ള യഥാർത്ഥ രീതി ഇല്ല. രണ്ടാമത്തെ കാരണം- യൂസിനു(ഉപയോഗിക്കുന്നതിന്) പകരം ലൂസാകുന്നു(അയയുക). ശബ്ദങ്ങളിൽ കുറച്ച് വ്യത്യാസമുണ്ട് എന്നാൽ പരിണാമത്തിൽ വളരെ വ്യത്യാസം ഉണ്ടാകുന്നു. ബാപ്ദാദ കേവലം 3-4 ദിവസത്തെ റിസൾട്ട് കണ്ടു, ടോട്ടൽ റിസൾട്ട് കണ്ടില്ല. ഓരോരുത്തരുടെയും 3-4 ദിനത്തിന്റെ റിസൾട്ടിൽ എന്താണ് കണ്ടത്? 50 ശതമാനം അർത്ഥം പകുതി-പകുതി. സങ്കല്പത്തിലും വാക്കിലും രണ്ട് ശക്തികളുടെയും ശേഖരണത്തിന്റെ കണക്ക്, 50 ശതമാനം ആത്മാക്കളുടെയും 40 ശതമാനം മാത്രമാണ് കണ്ടത്. വ്യർത്ഥം അഥവാ സാധാരണതയുടെ കണക്ക് 60 ശതമാനവും കണ്ടു. അതിനാൽ ചിന്തിക്കൂ എത്രത്തോളം ശേഖരണമുണ്ടായി. കൂടുതൽ ഭാരം എന്തിനാണ്? ഇതിലും വാക്കുകൾ കാരണം മനസ്സിൽ പ്രഭാവമുണ്ടാകുന്നു. മനസ്സ് വാചായെയും തന്റെ നേർക്ക് ആകർഷിക്കുന്നു. ഇന്ന് ബാപ്ദാദ വാണി അർത്ഥം വാക്കുകളുടെ നേർക്ക് വിശേഷ ശ്രദ്ധ നല്കുന്നു കാരണം വാക്കുകൾക്ക് സ്വയവുമായും സംബന്ധമുണ്ട്, സർവ്വരുമായും സംബന്ധമുണ്ട്. പിന്നെന്ത് കണ്ടു? മനസ്സ് കൊണ്ട് ഓർമ്മയിലിരിക്കണം- അതിന് വേണ്ടി ഇടയ്ക്കിടയ്ക്ക് പ്രോഗ്രാം വയ്ക്കുന്നു. എന്നാൽ വാക്കുകൾക്ക് കൂടുതൽ അലസതയുണ്ട്, അതിനാൽ ബാപ്ദാദ ഇതിൽ വിശേഷിച്ച് അടിവരയിടിപ്പിക്കുന്നു. രണ്ട് വർഷം മുമ്പ് ബാപ്ദാദ വിശേഷ പുരുഷാർത്ഥത്തിൽ സേവനത്തിൽ മുന്നോട്ടുയരുന്ന മഹാരഥി ആത്മാക്കളോട്, സർവ്വരോടും വാക്കുകൾക്കുള്ള മൂന്ന് കാര്യങ്ങൾ പറഞ്ഞിരുന്നു- കുറച്ച് സംസാരിക്കൂ, പതുക്കെ സംസാരിക്കൂ, മധുരമായി സംസാരിക്കൂ. വ്യർത്ഥം സംസാരിക്കുന്നതിന്റെ ലക്ഷണമാണ്- അവർ കൂടുതൽ സംസാരിക്കും, ഗത്യന്തരമില്ലാത്ത സമയത്തിനനുസരിച്ച്, സംഘടനയ്ക്കനുസരിച്ച് സ്വയത്തെ നിയന്ത്രിക്കും എന്നാൽ ഉള്ളിൽ ആരോ ശാന്തമായിരിക്കുന്നതിന് ബന്ധിപ്പിക്കുനനത് പോലെ അനുഭവപ്പെടുന്നു. വ്യർത്ഥമായ വാക്കുകൾ ചെയ്യുന്ന ഏറ്റവും വലുതിലും വച്ച് വലിയ നഷ്ടമെന്താണ്? ഒന്ന് ശരീരത്തിന്റെ ഊർജ്ജത്തെ സമാപ്തമാകുന്നു കാരണം ചിലവുണ്ടാകുന്നു, രണ്ടാമത്- സമയം വ്യർത്ഥമാകുന്നു. വ്യർത്ഥം സംസാരിക്കുന്നവരുടെ ശീലമെന്തായിരിക്കും? ചെറിയ കാര്യത്തെ വളരെയധികം നീട്ടി വലിക്കും, സംസാരിക്കുന്ന വിധി കഥ പറയുന്നത് പോലെയായിരിക്കും. ഏതു പോലെ രാമായണം, മഹാഭാരതത്തിന്റെ കഥ.....താല്പര്യത്തോടെ കേൾപ്പിക്കുന്നില്ലേ. സ്വയവും താല്പര്യത്തോടെ പറയും, മറ്റുള്ളവരിലും താല്പര്യം ജനിപ്പിക്കും, എന്നാൽ റിസൾട്ട് എന്താകുന്നു? രാമായണം, മഹാഭാരതത്തിന്റെ റിസൾട്ട് എന്താണ്? രാമൻ വനവാസത്തിന് പോയി, കൗരവരുടെയും പാണ്ഡവരുടെയും യുദ്ധം നടന്നു, കഥ പോലെ കാണിക്കുന്നു, സാരം ഒന്നുമേയില്ല എന്നാൽ നാദം വളരെ രമണീകമായിരിക്കും. ഇതിനെയാണ് പറയുന്നത് കഥയെന്ന്. വ്യർത്ഥം പറയുന്നവർ മായയുടെ പ്രഭാവം കാരണം ശക്തിഹീന ആത്മാവായി മാറുന്നു, അവർക്ക് കേൾക്കാനും കേൾപ്പിക്കാനുമുള്ള സാഥി പെട്ടെന്ന് ഉണ്ടാകുന്നു. അങ്ങനെയുള്ള ആത്മാവിന് ഏകാന്തപ്രിയരാകാൻ സാധിക്കില്ല അതിനാൽ അവർ സാഥിയെയുണ്ടാക്കുന്നതിൽ വളരെ സമർത്ഥരായിരിക്കും. പുറമേ നിന്ന് നോക്കുമ്പോൾ ഇവ

രുടെ സംഘടന വളരെ ശക്തിശാലിയും, കുറേ പേരുളളതായും തോന്നും എന്നാൽ ഒരു കാര്യം സദാ ഓർമ്മിക്കണം- മായ തിരികെ പോകുന്നതിന്റെ അന്തിമ സമയത്താണ്, അതിനാൽ വിട ചൊല്ലി ചൊല്ലി അമ്പെയ്തു കൊണ്ടിരിക്കുന്നു അതിനാൽ ഇടയ്ക്കിടയ്ക്ക് മായയുടെ പ്രഭാവം പ്രവർത്തിക്കുന്നു. മായ വിശ്രമത്തോടെ പോകില്ല. അന്തിമ നിമിഷം വരെ പ്രത്യക്ഷമായല്ല, പരോക്ഷമായി, കയ്പുള്ള രൂപത്തിലല്ല മധുരമായ രൂപത്തിൽ, പുതിയ പുതിയ രൂപം ധരിച്ച് ബ്രാഹ്മണരിൽ ട്രയൽ ചെയ്തു കൊണ്ടിരിക്കും. പിന്നെ നിഷ്കളങ്കരായ ബ്രാഹ്മണർ എന്ത് പറയുന്നു? ഇന്ന രൂപത്തിൽ മായ വരുമെന്ന് ബാപ്ദാദ കേൾപ്പി ച്ചിട്ടേയില്ലായിരുന്നുവെന്ന്. അലസത കാരണം സ്വയത്തെ ചെക്കും ചെയ്യുന്നില്ല, ചിന്തിക്കുന്നു- ബാപ്ദാദ പറയുന്നു മായ വരും എന്ന്..... പകുതി അക്ഷരം ഓർമ്മിക്കുന്നു- മായ വരും എന്ന് പക്ഷെ മായാജീത്താ കണം എന്നത് മറന്നു പോകുന്നു.

മറ്റൊരു കാര്യം- വ്യർത്ഥം അഥവാ സാധാരണമായ വാക്കുകളുടെ വ്യത്യസ്ഥമായ രൂപം കണ്ടു. ഒന്ന്- രേഖയ്ക്ക് വെളിയിൽ അർത്ഥം പരിധിക്കപ്പുറമായ കളി തമാശ, രണ്ടാമത്- പരിഹസിക്കുക, മൂന്നാമത്- അവിടത്തെയുമിവിടത്തെയും വാർത്തകൾ ഒരുമിപ്പിച്ച് കേൾക്കുക, കേൾപ്പിക്കുക, നാലാമത്തേത്- കുറച്ച് സേവനത്തിന്റെ കാര്യങ്ങൾ, സേവനത്തിന്റെ വാർത്തകളോടൊപ്പം സേവാധാരികളുടെ കുറവുകളുടെ ചിന്തനം- ഇത് മിക്സ് ചട്ട്നിയാണ്, അഞ്ചാമത്തേത്- യുക്തിയുക്തമല്ലാത്ത വാക്കുകൾ, ഏതൊന്നാണോ ബ്രാഹ്മണരുടെ നിഘണ്ഡുവിലില്ലാത്തത്. ഈ അഞ്ച് രൂപ രേഖകളും കണ്ടു. ഈ അഞ്ചെണ്ണത്തിനെ യാണ് ബാപ്ദാദ വ്യർത്ഥമായ വാക്കുകളിൽ കണക്ക് കൂട്ടുന്നത്. കളി തമാശ നല്ലതാണ് എന്ന് മനസ്സിലാ ക്കരുത്. ആത്മീയത നിറഞ്ഞ തമാശയായിരിക്കണം, ആരോടാണോ തമാശ പറയുന്നത് ആ ആത്മാവിന് നേട്ടം ലഭിച്ചു, സമയം പാസായി അതോ സമയം വ്യർത്ഥമായോ? രമണീകതയുടെ ഗുണം നല്ലതെന്ന് പറ യുന്നു കാരണം വ്യക്തി, സമയം, സംഘടന, സ്ഥാനം, അന്തരീക്ഷത്തിനനുസരിച്ച് രമണീകത നല്ലതാണ്. ഈ സർവ്വ കാര്യങ്ങളിൽ നിന്നും ഒരു കാര്യമെങ്കിലും ശരിയല്ലായെങ്കിൽ രമണീകതയും വ്യർത്ഥത്തിന്റെ കണക്കിൽ കൂട്ടുന്നു, സർട്ടിഫിക്കറ്റ് എന്ത് ലഭിക്കും- നന്നായി ചിരിപ്പിക്കുന്നുണ്ട് പക്ഷെ കൂടുതൽ സംസാ രിക്കുന്നുവെന്ന്. മിക്സ് ചട്ട്നിയായില്ലേ. അതിനാൽ സമയത്തിന്റെ സീമയെ നോക്കൂ. അവരെയാണ് മര്യാദ പുരുഷോത്തമർ എന്ന് പറയുന്നത്. പറയുന്നു- എന്റെ സ്വഭാവമേ അങ്ങനെയാണ്. ഇത് ഏതൊരു സ്വഭാവമാണ്? ബാപ്ദാദ പറയുന്ന സ്വഭാവമാണോ? അപ്പോൾ ഇതിനെയും മര്യാദ പുരുഷോത്തമർ എന്ന് പറയില്ല, സാധാരണ പുരുഷൻ എന്ന് പറയും. വാക്കുകൾ സദാ അങ്ങനെയായിരിക്കണം കേൾക്കുന്നവർ വേഴാമ്പലിനെ പോലെ ഇവരെന്തെങ്കിലും പറയണം, എനിക്ക് കേൾക്കണം എന്ന് പറഞ്ഞ് കാത്തിരിക്ക ണം- ഇതിനെയാണ് അമൂല്യമായ മഹാവാക്യം എന്ന് പറയുന്നത്. മഹാവാക്യം കൂടുതൽ ഉണ്ടാകില്ല. തോന്നുന്ന സമയത്ത് സംസാരിച്ചു കൊണ്ടിരക്കുക- അതിനെ മഹാവാക്യമെന്ന് പറയില്ല. അതിനാൽ സത്ഗുരുവിന്റെ കുട്ടികൾ- മാസ്റ്റർ സത്ഗുരുവിന്റേത് മഹാവാക്യമായിരിക്കും, വാക്യമല്ല. വ്യർത്ഥം പറയു ന്നവർ തന്റെ ബുദ്ധിയിൽ വ്യർത്ഥമായ കാര്യങ്ങൾ, വ്യർത്ഥമായ വാർത്തകൾ, നാല് ഭാഗത്തുമുള്ള അഴു ക്കുകൾ തീർച്ചയായും കൂട്ടി വയ്ക്കും കാരണം അതിന് കഥയുടെ രമണീകമായ രൂപം നല്കണം. ഏതു പോലെ ശാസ്ത്രം പഠിച്ച് വാദിക്കുന്നവരുടെ ബുദ്ധി പോലെ. അതിനാൽ ഏത് സമയത്ത്, ഏത് സ്ഥാനത്ത് എന്ത് വാക്കുകളാണോ ആവശ്യമായത്, യുക്തിയുക്തമായത്, സ്വയത്തിനും മറ്റാത്മാക്കൾക്കും ലാഭമു ണ്ടാക്കുന്നത് അങ്ങനെയുള്ള വാക്കുകൾ ഉച്ഛരിക്കൂ. വാക്കുകളിൽ ശ്രദ്ധ കുറവാണ്, അതിനാൽ ഇതിൽ ഡബിൾ അടിവരയിടൂ.

വിശേഷിച്ച് ഈ വർഷം വാക്കുകളുടെ മേൽ അറ്റൻഷൻ വയ്ക്കൂ. ചെക്ക് ചെയ്യൂ- വാക്കുകളിലൂടെ ഊർജ്ജവും സമയവും എത്രത്തോളം ശേഖരിച്ചു, എത്ര വ്യർത്ഥമാക്കി? ഇത് ചെക്ക് ചെയ്യുകയാണെ ങ്കിൽ സ്വതവേ തന്നെ അന്തർമുഖതയുടെ രസം അനുഭവിക്കാൻ സാധിക്കും. അന്തർമുഖതയുടെ രസവും വാക്കുകളുടെ രസവും- ഇതിൽ രാപകൽ വ്യത്യാസമുണ്ട്. അന്തർമുഖി സദാ ഭൃഗുഡിയിൽ തപസ്വീ മൂർത്തിയുടെ അനുഭവം ചെയ്യുന്നു. മനസ്സിലായോ.

മനസ്സിലാക്കുക അർത്ഥം ആകുക. ഏതെങ്കിലും കാര്യം മനസ്സിലാകുമ്പോൾ അത് തീർച്ചായായും ചെയ്യുന്നു. ടീച്ചേഴ്സ് വിവേകശാലികളാണ്, അതിനാലാണ് ഭാഗ്യം ലഭിച്ചിരിക്കുന്നത്. നിമിത്തമാകുന്നതിന്റെ ഭാഗ്യം- ഇതിന്റെ മഹത്വം ഇപ്പോൾ സാധാരണമായി തോന്നുന്നു, എന്നാൽ ഈ ഭാഗ്യം സമയത്ത് വളരെ ശ്രേഷ്ഠ മാണെന്ന അനുഭവം ചെയ്യിക്കുന്നു. ആരാണ് നിമിത്തമാക്കിയത്, ആരാണ് ആത്മാവാകുന്ന എന്നെ ഈ യോഗ്യതയനുസരിച്ച് തിരഞ്ഞെടുത്തത്- ഈ സ്മൃതി തന്നെയാണ് സ്വതവേ ശ്രേഷ്ഠമാക്കുന്നത്. ആക്കു ന്നത് ആര്- ഈ സ്മൃതിയിലിരിക്കുകയാണെങ്കിൽ വളരെ സഹജമായി നിരന്തര യോഗിയായി മാറും. സദാ ഹൃദയത്തിൽ, അങ്ങനെ ആക്കി തീർത്ത ബാബയുടെ ഗുണങ്ങളുടെ ഗീതം പാടിക്കൊണ്ടിരിക്കൂ

എങ്കിൽ നിരന്തര യോഗിയായി തീരും. ഇത് ചെറിയൊരു കാര്യമല്ല. മുഴുവൻ വിശ്വത്തിന്റെ കോടിക്കണക്കിന് ആത്മാക്കളിൽ നിന്നും എത്ര പേർ നിമിത്തമായ ടീച്ചേഴ്സായി! ടീച്ചർ അർത്ഥം സദാ ഭാഗ്യശാലി, ഭാഗ്യത്തിന്റെ ഗീതം പാടിക്കൊണ്ടിരിക്കൂ. ബാപ്ദാദായ്ക്ക് ടീച്ചേഴ്സിന്റെ മേൽ അഭിമാനമുണ്ട് എന്നാൽ രഹസ്യയുക്തരായ ടീച്ചേഴ്സിന്റെ മേലാണ് അഭിമാനമുള്ളത്. ശരി.

കുടുംബത്തിലുള്ളവരും ആനന്ദത്തിലല്ലേയിരിക്കുന്നത്. ആശയക്കുഴപ്പത്തിൽപ്പെടുന്നവരാണോ അതോ ആനന്ദത്തിലിരിക്കുന്നവരാണോ? ബ്രാഹ്മണ ജീവിതത്തിൽ ഓരോ സെക്കന്റ് ശരീരം, മനസ്സ്, ധനം, ജനത്തിന്റെ രസം തന്നെ രസമാണ്. വിശ്രമത്തോടെ ഉറങ്ങുന്നു, വിശ്രമത്തോടെ കഴിക്കുന്നു. വിശ്രമത്തോടെയിരിക്കുക, കഴിക്കുക, ഉറങ്ങുക, പഠിക്കുക. മറ്റെന്തെങ്കിലും വേണോ? പഠിക്കണ്ടേ അതോ അമൃതവേളയിൽ ഉറങ്ങുന്നോ? അങ്ങനെ പല കുട്ടികളും ചെയ്യുന്നു, പറയും- മുഴുവൻ രാത്രിയും ഉണർന്നിരിക്കുകയായിരുന്നു, രാവിലെ ഉറക്കം വന്നു അതോ ഒരു സേവനം ചെയ്തപ്പോൾ തന്നെ അമൃതവേള ഉപേക്ഷിക്കുകയാണോ. അങ്ങനെയെങ്കിൽ എന്ത് സമ്പാദിച്ചു? എക്സ്ട്രാ സമ്പാദിച്ചില്ലല്ലോ. ഒരു ഭാഗത്ത് സേവനം ചെയ്തു, മറു ഭാഗത്ത് അമൃതവേള മുടക്കി, അപ്പോൾ എന്ത് സംഭവിച്ചു? പക്ഷെ പേരിന് വേണ്ടി മാത്രം അലസരായിട്ടിരിക്കരുത്. ആ ദൃശ്യം ടി വിയിൽ വളരെ നല്ലതാണ്. ഏതു പോലെ അവർ യോഗാസനങ്ങൾ ചെയ്യുന്നു- അനേക പ്രകാരത്തിൽ പോസ് മാറിക്കൊണ്ടേയിരിക്കുന്നു. അതിനാൽ ഇവിടെയും ഇങ്ങനെ തന്നെ സംഭവിക്കുന്നു. ചിന്തിക്കുന്നു- സഹജയോഗമല്ലേ, അതിനാൽ വിശ്രമത്തോടെയിരിക്കുന്നു. ചിലരുടെ ട്യൂൺ ബാപ്ദാദായുടെയടുത്ത് കേൾക്കാൻ സാധിക്കുന്നു. ബാപ്ദാദായുടെയടുത്ത് അതിന്റെ കാസറ്റ് ഉണ്ട്. അതിനാൽ ഇപ്പോൾ ഡബിൾ അടിവരയില്ലേ. പിന്നീട് ബാപ്ദാദ കേൾപ്പിക്കാം- റിസൾട്ടിൽ എത്ര വ്യത്യാസം വന്നുവെന്ന്. ശരി.

നാനാ ഭാഗത്തുമുള്ള ശ്രേഷ്ഠമായ ലക്ഷ്യവും ശ്രേഷ്ഠമായ ലക്ഷണവും ധാരണ ചെയ്യുന്ന തീവ്ര പുരുഷാർത്ഥി ആത്മാക്കൾക്ക്, സദാ തന്റെ വാക്കുകളെ സമയം, നിയമനുസരിച്ച് ഉച്ഛരിക്കുന്ന പുരുഷോത്തമരായ ആത്മാക്കൾക്ക്, സദാ മഹാവീരരായി മായയുടെ സർവ്വ രൂപങ്ങളെ മനസ്സിലാക്കുന്ന നോളേജ്ഫുൾ ആത്മാക്കൾക്ക് സദാ ഓരോ സെക്കന്റും ആനന്ദത്തിലിരിക്കുന്ന നിശ്ചിന്തരായ ചക്രവർത്തിമാർക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**അവ്യക്ത ബാപ്ദാദയുടെ പാർട്ടിയുമായുള്ള സംഭാഷണം-** 1) സയൻസിന്റെ ശക്തിയെ നല്ല രീതിയിൽ അറിയാമല്ലോ? സയൻസിന്റെ ശക്തി സെക്കന്റിൽ തന്റെ സ്വീറ്റ് ഹോം, ശാന്തിധാമത്തിലെത്തിക്കുന്നു. സയൻസ് പഠിച്ചവർ തീവ്രതയുള്ള യന്ത്രം കണ്ടെത്തുന്നതിന് പ്രയത്നിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങളുടെ യന്ത്രം എത്ര തീവ്ര ഗതിയുടേതാണ്. ചിന്തിച്ചു, എത്തി ചേർന്നു. അങ്ങനെയുള്ള യന്ത്രം സയൻസിലുണ്ട്, യാതൊരു ചിലവുമില്ലാതെ ദൂരെയെത്തി ചേരുന്നു. അവർ ഓരോരോ യന്ത്രമുണ്ടാക്കുന്നതിന് എത്ര ചിലവഴിക്കുന്നു, എത്ര സമയം എത്ര ഊർജ്ജം ഉപയോഗിക്കുന്നു, നിങ്ങളെന്ത് ചെയ്തു? യാതൊരു ചിലവുമില്ലാതെ ലഭിച്ചു. ഈ സങ്കല്പ ശക്തി വളരെ ഫാസ്റ്റാണ്. നിങ്ങൾക്ക് ശുഭ സങ്കല്പത്തിന്റെ യന്ത്രം ലഭിച്ചിരിക്കുന്നു, ദിവ്യ ബുദ്ധി ലഭിച്ചിരിക്കുന്നു. ശുദ്ധമായ മനസ്സും ദിവ്യമായ ബുദ്ധിയും കൊണ്ട് എത്തി ചേരുന്നു. ആഗ്രഹിക്കുന്ന സമയത്ത് തിരിച്ചെത്താം, ആഗ്രഹിക്കുന്ന സമയത്ത് പോകാം. സയൻസുക്കാർക്ക് കാലാവസ്ഥ നോക്കേണ്ടി വരുന്നു. നിങ്ങൾക്കാണെങ്കിൽ ഇന്ന് മേഘമുണ്ടോ...പോകാൻ സാധിക്കുമോ.....കാലാവസ്ഥ നോക്കേണ്ടി വരുന്നില്ല. ഇന്നത്തെ കാലത്ത് നോക്കൂ- മേഘങ്ങൾ മാത്രമല്ല കുറച്ച് മഞ്ഞ് വന്നാലും വിമാന യാത്ര സാധിക്കില്ല, നിങ്ങളുടെ വിമാനമാണെങ്കിൽ എവർ റെഡിയാണ് അതോ ഇടയ്ക്ക് മഞ്ഞ് വരുന്നുണ്ടോ? എവർറെഡിയാണോ? സെക്കന്റിൽ പോകാൻ സാധിക്കുന്നു- അങ്ങനെയുള്ള തീവ്രതയുണ്ടോ? മായ ഇടയ്ക്ക് തടസ്സമൊന്നും കൊണ്ടു വരുന്നില്ലല്ലോ? മാസ്റ്റർ സർവ്വശക്തിവാനെ ആർക്കും തടയാൻ സാധിക്കില്ല. സർവ്വശക്തികളുള്ളയിടത്ത് ആർക്ക് തടസ്സം സൃഷ്ടിക്കാനാകും. ഏതെങ്കിലും ശക്തിയുടെ കുറവുണ്ടെങ്കിൽ സമയത്ത് ചതിവിൽപ്പെടുന്നു. സർവ്വശക്തികൾ നിങ്ങളിലുണ്ട് എന്നാൽ നിർണ്ണയിക്കാനുള്ള ശക്തി കുറവാണെങ്കിൽ നിർണ്ണയിക്കേണ്ട രീതിയിലുള്ള അങ്ങനെയുള്ള പരിതസ്ഥിതികൾ എന്തെങ്കിലും വരുമ്പോൾ ആ സമയത്ത് നഷ്ടം സംഭവിക്കുന്നു. നിർണ്ണയിക്കേണ്ടത് ഒരു നിമിഷമാണ്- ചെയ്യണോ വേണ്ടേ എന്ന് പക്ഷെ അതിന്റെ പരിണാമം എത്ര വലുതായിരിക്കും. അതിനാൽ സർവ്വ ശക്തികൾ തന്റെയടുത്ത് ചെക്ക് ചെയ്യൂ. ശരിയാണ്, യോഗ ചെയ്തു കൊണ്ടിരിക്കുകയാണ് എന്ന് ചിന്തിക്കരുത് എന്നാൽ യോഗയിലൂടെ സർവ്വ പ്രാപ്തികൾ ഉണ്ടായോ? അതോ കുറച്ച് ലഭിച്ചപ്പോൾ സന്തോഷമായോ- ബാബ എന്റേതായില്ലേയെന്ന്. ബാബ എന്റേതാണ് എന്നാൽ സമ്പത്തും തന്റേതല്ലേ അതോ കേവലം ബാബയെ നേടി അത് മാത്രം മതിയോ? സമ്പത്തിന്റെ അധികാരിയാകണ്ടേ? ബാബയുടെ സമ്പത്താണ് സർവ്വശക്തികൾ അതിനാൽ ബാബയുടെ മഹിമ തന്നെയാണ്

സർവ്വശക്തിവാൻ ആൾമൈറ്റി അഥോറിട്ടിയെന്ന്. സർവ്വശക്തികളുടെ സ്റ്റോക്കിന്റെ സമ്പാദ്യമുണ്ടോ? അതോ സമ്പാദിച്ചു, കഴിച്ചു അങ്ങനെയാണോ. ബാപ്ദാദ കേൾപ്പിച്ചു- മുന്നോട്ടു പോകുന്തോറും നിങ്ങൾ മാസ്റ്റർ സർവ്വശക്തിവാന്റെയടുത്ത് സർവ്വ യാചകരും വരും. പൈസയ്ക്കോ ഭക്ഷണത്തിനോയല്ല, ശക്തികൾ യാചിച്ച് വരും. അതിനാൽ സ്റ്റോക്കുണ്ടെങ്കിലേ ആ സമയത്ത് നല്കാനാകൂ. ആരുടെയടുത്താണോ സ്വയത്തിന്റെ ആവശ്യത്തിനേക്കാൾ കൂടുതലുള്ളത് അവർക്കേ ദാനം ചെയ്യാൻ ആകൂ. സ്വയത്തിന് വേണ്ടിയുള്ളത് മാത്രമേയുള്ളൂവെങ്കിൽ എന്ത് ദാനം ചെയ്യും? അതിനാൽ അത്രയും ശേഖരിക്കൂ. സംഗമത്തിൽ മറ്റെന്ത് ജോലിയാണുള്ളത്? സമ്പാദിക്കാനുള്ള കർത്തവ്യമാണ് ലഭിച്ചിരിക്കുന്നത്. മുഴുവൻ കല്പത്തിലും മറ്റൊരു യുഗത്തിലും സമ്പാദിക്കാൻ സാധിക്കില്ല. പിന്നീട് ചിലവഴിക്കുന്നവരായിരിക്കും, സമ്പാദിക്കാൻ സാധിക്കില്ല. അതിനാൽ സമ്പാദിക്കേണ്ട സമയത്ത് സമ്പാദിച്ചില്ലായെങ്കിൽ അന്തിമത്തിൽ എന്ത് പറയേണ്ടി വരും? ഇപ്പോഴില്ലായെങ്കിൽ പിന്നീടൊരിക്കലുമില്ല. പിന്നെ ടൂ ലേറ്റ് ബോർഡ് വയ്ക്കും. ഇപ്പോൾ ലേറ്റ് ബോർഡാണുള്ളത്, ടൂ ലേറ്റ് ഇല്ല.

സർവ്വ മാതാക്കളും അത്രയും സമ്പാദിച്ചോ? ശിവശക്തികളല്ലേ അതോ വീട്ടിലെ മാതാക്കളാണോ? ശിവശക്തിയെന്ന് പറയുന്നതിലൂടെ ശക്തികൾ ഓർമ്മ വരുന്നു. ഏത് മാതാക്കളെയാണ് ബാബ ശിവശക്തികളാക്കിയത്. ആരെങ്കിലും വന്ന് മുഖം നോക്കുകയാണെങ്കിൽ എന്ത് പറയും- ഇങ്ങനെയുള്ള ശക്തികളുണ്ടോ എന്ന്. എന്നാൽ ബാബ തിരിച്ചറിഞ്ഞു- ആ ആത്മാക്കൾ ശക്തിശാലികളാണ്. ബാബ ആത്മാക്കളെയാണ് കാണുന്നത്, വൃദ്ധരാണോ യുവാക്കളാണോ കുട്ടിയാണോ എന്ന് ബാബ നോക്കുന്നില്ല. ആത്മാവ് വൃദ്ധനോ കുട്ടിയോയാകുന്നില്ല. അതിനാൽ ബാബ എന്നെ ശിവശക്തിയാക്കി എന്ന സന്തോഷമില്ലേ. ലോകത്തിൽ വിദ്യാഭ്യാസമുള്ള എത്ര മാതാക്കളുണ്ട് എന്നാൽ ബാബയ്ക്ക് ഗ്രാമങ്ങളിലുള്ളവരെയാണ് ഇഷ്ടം, എന്ത് കൊണ്ട്? സത്യമായ ഹൃദയമുള്ളവരിൽ ബാബ സന്തുഷ്ടനാണ്. ബാബയ്ക്ക് കുട്ടികളുടെ ഹൃദയം വളരെ പ്രിയപ്പെട്ടതാണ്. നിഷ്കളങ്കരായവർക്ക് കള്ളം, കാപട്യം ഒന്നുമറിയാൻ സാധിക്കില്ല. സാമർത്ഥ്യമുള്ളവർ സൂത്രക്കാരായിരിക്കും അവരിൽ ഈ വക കാര്യങ്ങളെല്ലാം ഉണ്ടായിരിക്കും. അതിനാൽ നിഷ്കളങ്കമായ ഹൃദയമുള്ളവർ അർത്ഥം ലോകത്തിലെ മായാവി സാമർത്ഥ്യത്തിൽ നിന്നുപരിയായിട്ടുള്ളവർ ബാബയ്ക്ക് വളരെ പ്രിയപ്പെട്ടവരാണ്. ബാബ സത്യമായ ഹൃദയമാണ് കാണുന്നത്. ബാക്കി പഠിത്തം, മുഖം, ഗ്രാമം, പൈസയൊന്നും ബാബ കാണുന്നില്ല. സത്യമായ ഹൃദയം ഉണ്ടായിരിക്കണം അതിനാൽ ബാബയുടെ പേരാണ്- ദിൽവാല. (ഹൃദയം കവരുന്നവൻ) ശരി.

**വരദാനം-ദൃഢ നിശ്ചയത്തിലൂടെ ഫസ്റ്റ് ഡിവിഷന്റെ ഭാഗ്യത്തെ നിശ്ചിതമാക്കുന്ന മാസ്റ്റർ നോളേജ്ഫുൾ ആയി ഭവിക്കട്ടെ.**

ദൃഢ നിശ്ചയം ഭാഗ്യത്തെ നിശ്ചിതമാക്കുന്നു. ബ്രഹ്മാബാബ ഫസ്റ്റ് നമ്പറിൽ നിശ്ചിതമായി, അതേപോലെ നമ്മളും ഫസ്റ്റ് ഡിവിഷനിൽ വരിക തന്നെ വേണം- ഈ ദൃഢ നിശ്ചയം ഉണ്ടായിരിക്കണം. ഡ്രാമയിൽ ഓരോ കുട്ടിക്കും ഈ സുവർണ്ണാവസരം ലഭിച്ചിരിക്കുന്നു. കേവലം അഭ്യാസത്തിൽ ശ്രദ്ധിക്കുകയാണെങ്കിൽ മുന്നിലെ നമ്പറിലെത്താം. അതിനാൽ മാസ്റ്റർ നോളേജ്ഫുളായി ഓരോ കർമ്മം ചെയ്യൂ. കൂട്ട്ക്കെട്ടിന്റെ അനുഭവത്തെ വർദ്ധിപ്പിക്കൂ എങ്കിൽ സർവ്വതും സഹജമായി തീരും, സർവ്വ ശക്തിവാനായ ബാബ കൂടെയുള്ളവർക്ക് മായ കടലാസ്സു പുലിയാണ്.

**സ്ലോഗൻ- സ്വയത്തെ ഹീറോ പാർട്ട്ധാരിയാണെന്ന് മനസ്സിലാക്കി പരിധിയില്ലാത്ത നാടകത്തിൽ ഹീറോ പാർട്ടഭിനയിച്ചു കൊണ്ടിരിക്കൂ.**